**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 713 **09.08.2017**-ലെ മറുപടിക്ക്

<u>പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| എ) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി, പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും എതൊക്കെ ഹരിജൻ കോളനികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിലുൾപ്പെടുത്തി, പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും പുല്ലുച്ചക്കോണം കല്ലുവിള, കുളപ്പുറത്തുകോണം എന്നീ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത കോളനികളിൽ ഏതൊക്കെതരത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്നും ആയതിലേക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കുമോ? | (ബി) | പുല്ലുച്ചക്കോണം കല്ലുവിള കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ അംഗീകരിക്കുകയും, അതിൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>1) കോളനിക്കകത്തുള്ള കുളംനവീകരിച്ച് കുടിവെള്ള പദ്ധതി നടപ്പാക്കുക.<br>2) കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത നവീകരണം<br>3) ഓട, സംരക്ഷണ ഭിത്തി നിർമ്മാണം<br>4) തൊഴിൽ പരിശീലന കേന്ദ്രം<br>5) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കളിസ്ഥലം/മിനി സ്റ്റേഡിയം |

| | | | |
|---|---|---|---|
| | | | 6) ഇന്റർനെറ്റ് കണക്ഷനോടു കൂടിയ വായനശാല, ഗ്രന്ഥശാല നിർമ്മിക്കൽ.<br><br>7) ഭവന പുനരുദ്ധാരണം<br><br>8) സോളാർ തെരുവ് വിളക്ക്<br><br>എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിക്കുന്ന ക്രമത്തിൽ കർമ്മപരിപാടി അന്തിമമാക്കുന്നതാണ്. കുളപ്പുറത്തുകോണം കോളനിയിൽ മോണറ്ററിംഗ് കമ്മിറ്റി കൂടി പ്രവൃത്തികൾ നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ